# AMRITA VIDYALAYAM

## ANNUAL EXAMINATION 2018 - '19

**Class : VII** **Marks : 80**
**Time : 2½ hrs**

# മലയാളം

**GENERAL INSTRUCTIONS:**

| | |
|---|---|
| Section A: Reading comprehension | - 10 Marks. |
| Section B: Writing | - 16 Marks. |
| Section C: Grammar | - 17 Marks. |
| Section D: Literature | - 37 Marks. |

**പാരായണ വിഭാഗം**

**I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

നക്ഷത്രങ്ങളുടെ രഹസ്യങ്ങളിലേക്ക് അനുദിനം സഞ്ചരിച്ചു കൊണ്ടിരിക്കുന്ന നാം ഭൂമിയുടെ സുസ്ഥിരതയെക്കുറിച്ചോ സ്വന്തം നിലനിൽപ്പിനെക്കുറിച്ചോ ചിന്തിച്ചവശനാകുന്നില്ലെന്നത് ഒരു കടങ്കഥയാണ്. ഭൂമിയുടെ അമൃതാണ് ജലം. ഈ ജലം സുഗമമായി ഭൂമിയിൽ എത്തിക്കുന്നത് നദികളാണ്. മഴ നൽകുന്ന കൃപാവരം മണ്ണിൽ ചാലിച്ച് ഉറവയായി നദികൾ ഏറ്റുവാങ്ങുന്നു. അവ മണ്ണിന് നനവു നൽകി ഭൂമിയെ ഫലസമൃദ്ധമാക്കുന്നു. നമ്മുടെ നദീജലം ഗാർഹികാവശ്യങ്ങൾക്കുവരെ ഉപയോഗിക്കാൻ പാകത്തിൽ ശുദ്ധമായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് രാസവളമിശ്രിതങ്ങളും കീടനാശിനികളും ജൈവമാലിന്യങ്ങളും ചേർന്നു വിഷത്തിന്റെ കഷായമായി നദികൾ മാറിയിരിക്കുന്നു. നദീജലം മൃഗങ്ങൾക്കുപോലും കുടിനീരായി കൊടുക്കാനാവില്ല. ജലത്തിന്റെ

ഉപമകളിലൊന്നാണ് "കണ്ണാടിപോലെ തെളിഞ്ഞത്" എന്നത്. നദികളിലെ ജലം ആ ഉപമയിൽനിന്നു മാറിയിരിക്കുന്നു. കരിനീലത്തിന്റെയോ പച്ചയുടെയോ നിറമേന്തി ഒരു തരം കട്ടികൂടിയ ദ്രാവകമായി മാറിയിരിക്കുന്നു ജലം!

**ചോദ്യങ്ങൾ.** **10**

1. ഇന്നത്തെ നദികളുടെ അവസ്ഥയെന്ത്?
2. ജലത്തെ സംബന്ധിച്ച ഉപമയെന്ത്?
3. ജലം സുഗമമായി ഭൂമിയിൽ എത്തിക്കുന്നതാര്?
4. നദീജലം കുടിനീരായി കൊടുത്തിരിക്കുന്നതാർക്ക്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക.

## രചനാ വിഭാഗം

**II.1. ആശയവിപുലനം ചെയ്യുക.** **8**

'പണമെന്നുള്ളത് കൈയ്യിൽ വരുമ്പോൾ
ഗുണമെന്നുള്ളത് ദൂരെപ്പോകും'.

**2. ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

'മാധ്യമങ്ങൾക്ക് വിദ്യാഭ്യാസത്തിലുള്ള പ്രാധാന്യം'

## വ്യാകരണവിഭാഗം

**III.**1. പിരിച്ചെഴുതി സന്ധി നിർണയിക്കുക. **2**

(എ) ചൂഴേയണിഞ്ഞ (ബി) ഒരൊറ്റ

2. വിഗ്രഹിച്ച് സമാസം എഴുതുക. **2**

(എ) പച്ചപ്പുൽക്കൊടി (ബി) കിളിക്കിടാങ്ങൾ

3. പ്രയോഗം മാറ്റുക. **1**

പാൽക്കാരൻ വൃദ്ധയുടെ അടുത്തേയ്ക്ക് ചെന്നു.

4. വാക്യശുദ്ധി വരുത്തുക. **1**

നിത്യജീവിതത്തിലെ വ്യത്യസ്ത നാനാഭാവങ്ങളുടെ ഉദയവികാസങ്ങളാണ് ഒരു കഥയ്ക്ക് വിഷയമാകുന്നത്.

5. അർഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. **1**

എല്ലാ ശൈലികളും കാവ്യാത്മകമായ ഒരനുഭവം തരുന്നു.

**IV.** 1. അർഥം എഴുതുക. **1**

(എ) കഥാകഥനം (ബി) പിഴവ്

2. പര്യായം എഴുതുക. **2**

(എ) തമസ്സ് (ബി) മുറ്റം

3. വിപരീതം എഴുതുക. **1**

(എ) വികാസം (ബി) വ്യംഗ്യം

4. അർഥവ്യത്യാസം എഴുതുക. **1**

(എ) പടം – പാടം (ബി) നുകരുക – മുകരുക

5. വാക്യത്തിൽ പ്രയോഗിക്കുക. **1**

(എ) ഉദയവികാസം

6. നാനാർഥം എഴുതുക. **1**

(എ) കന്ദളം (ബി) വാതം

7. സങ്കീർണകം, മഹാവാക്യം എന്നിവ ഉദാഹരണസഹിതം വ്യക്തമാക്കുക. **2**

8. അംഗ – അംഗി വാക്യങ്ങൾ വേർതിരിക്കുക. **1**

'അന്ന് രണ്ടാം ക്ലാസ്സിലെ ഞങ്ങളുടെ സാറ് ഉമ്മൻ എന്നുപേരുള്ള ഒരാളായിരുന്നു.'

## സാഹിത്യവിഭാഗം

**V. ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **4**

1. 'പ്രഭാതനക്ഷത്രം' എന്ന കവിത ഏത് കൃതിയിൽനിന്ന് എടുത്തിട്ടുള്ളതാണ്?
(അരങ്ങേറ്റം, മണിമാല, കന്നിക്കൊയ്ത്ത്)
2. 'സഹപാഠികൾ' എന്ന കവിത എഴുതിയതാര്?
(സുഗതകുമാരി, ബാലാമണിയമ്മ, മാധവിക്കുട്ടി)
3. കവി മന്ദചേഷ്ടനായ് നിന്നിരുന്നത് എവിടെ?
(മന്ദിരാങ്കണ വീഥിയിൽ, പൂർവദിങ്മുഖത്തിൽ, ഉദ്യാനത്തിൽ)
4. വരമൊഴിയുടെ അടിസ്ഥാനത്തിൽ പിറക്കുന്നതെന്ത്?
(ശൈലികൾ, പഴഞ്ചൊല്ലുകൾ, കഥകൾ)

**VI. പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക. (10 വരി) 5**

'ആരുവാങ്ങുമിന്നാരു ......................................

......................... മന്ദിരാങ്കണവീഥിയിൽ'.

**VII. ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 8**

1. മാധവിക്കുട്ടിയുടെ 'അമ്മ' എന്ന കഥയിലെ പാൽക്കാരൻ 'മനുഷ്യത്വത്തിന്റെ മുഖമാണ്' – സമർഥിക്കുക.
2. 'മുത്തശ്ശി അപ്പോൾ ഒരു കൊച്ചുകുട്ടിയായതുപോലെ' – വ്യക്തമാക്കുക
3. ഓണമുണ്ണാൻ കൂട്ടുകാരൻ വരാത്തതിൽ വിഷമിച്ചു നിൽക്കുന്ന കുട്ടിയോട് അമ്മ പറഞ്ഞതെന്ത്?
4. ഒരു കഥാകൃത്തിന്റെ മനസ്സിൽ കഥ രൂപപ്പെടുന്നതെങ്ങനെ?
5. പ്രഭാതനക്ഷത്രം നിത്യവും പറയുന്നതെന്ത്?

**VIII. ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. 20**

1. ശൈലികളും പഴഞ്ചൊല്ലുകളും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?
2. തകഴിയുടെ അച്ഛൻ കഥ പറയുന്ന രീതി തകഴി വിവരിക്കുന്നതെങ്ങനെ?
3. 'പ്രഭാതനക്ഷത്രം' എന്ന കവിതയിലൂടെ കവി നൽകുന്ന സന്ദേശമെന്ത്?
4. ഒരു സംവിധായകന്റെ ചുമതലകൾ എന്തെല്ലാം?
5. 'കറുത്ത കാറിന് അതറിയാമായിരുന്നു' – കാര്യങ്ങൾ, നേരിട്ടു പറയാതെ വായനക്കാരിലെത്തിക്കാൻ ഇത്തരത്തിലുള്ള വാക്യങ്ങൾക്ക് കഴിയും – സമർഥിക്കുക.
6. 'വൃത്തിയുള്ള പച്ചമണ്ണിന്റെ ഗന്ധം ആദിദേശത്ത് വീശിയടിച്ചു.' – നേരിട്ട് പറയാതെ കാര്യങ്ങൾ വായനക്കാരിലെത്തിക്കാൻ ഇത്തരത്തിലുള്ള വാക്യങ്ങൾക്കു കഴിയും' – സമർഥിക്കുക.